प्रेस प्रकाशनी **PRESS RELEASE**

**RESERVE BANK OF INDIA**
www.rbi.org.in/hindi
Website : www.rbi.org.in
email: helpdoc@rbi.org.in

**DEPARTMENT OF COMMUNICATION**, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022-22660502

ആഗസ്റ്റ് 6, 2020

# ലിക്വിഡിറ്റി അഡ്ജസ്റ്റ്മെന്റ് ഫെസിലിറ്റിയുടെ ദിനാന്ത്യപ്രവർത്തനങ്ങൾക്ക് ഓട്ടോമേറ്റഡ് സ്വീപ് ഇൻ - സ്വീപ് ഔട്ട് (എഎസ്ഐഎസ്ഒ) സൗകര്യം ഏർപ്പെടുത്തുന്നു

കോവിഡ്-19 മൂലമുണ്ടായ തടസ്സങ്ങളുടെ പശ്ചാത്തലത്തിൽ മാനവ വിഭവശേഷി വിന്യാസം പരമാവധിയാക്കുന്നതിനും യോഗ്യതയുള്ള എൽഎഎഫ്എംഎസ്എഫ് പങ്കാളികൾക്ക് അവരുടെ ദിവസത്തെ ക്യാഷ് റിസർവ് റേഷ്യോ (സിആർആർ) ബാലൻസുകൾ കൈകാര്യം ചെയ്യുന്നതിന് കൂടുതൽ സൗകര്യങ്ങൾ നൽകുന്നതിനും, റിസർവ് ബാങ്ക് ഇ-കുബർ സിസ്റ്റത്തിൽ ഓപ്ഷണൽ ഓട്ടോമേറ്റഡ് സ്വീപ്പ്-ഇൻ, സ്വീപ്പ്- (എഎസ്ഐഎസ്ഒ) സൗകര്യം നൽകാൻ തീരുമാനിച്ചിരിക്കുന്നു.

2. അതനുസരിച്ച്, ബാങ്കുകൾക്ക് അവരുടെ കറന്റ് അക്കൗണ്ടുകളിൽ ബാലൻസായി ദിവസാവസാനം സൂക്ഷിക്കാൻ ആഗ്രഹിക്കുന്ന തുക (നിർദ്ദിഷ്ടതുക അല്ലെങ്കിൽ തുകയുടെ ഒരു ശ്രേണി) ദിവസാവസാനം റിസർവ് ബാങ്കിൽ മുൻകൂർ സജ്ജമാക്കാൻ കഴിയും. മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള ഈ തുകയെ ആശ്രയിച്ച്, മാർജിനൽ സ്റ്റാൻഡിംഗ് സൗകര്യവും (എംഎസ്എഫ്) റിവേഴ്സ് റിപ്പോ ബിഡുകളും, ദിവസത്തിന്റെ അവസാനത്തിൽ ഇടപെടലില്ലാതെ സ്വയമേവ സൃഷ്ടിക്കപ്പെടും.

3. ലിക്വിഡിറ്റി അഡ്ജസ്റ്റ്മെന്റ് ഫസിലിറ്റി (എൽഎഎഫ്), മാർജിനൽ സ്റ്റാൻഡിംഗ് ഫസിലിറ്റി (എംഎസ്എഫ്) എന്നീ സൗകര്യങ്ങൾ ഉപയോഗിക്കുന്നതിന് അർഹരായവർക്ക് 2020 ഓഗസ്റ്റ് 06 മുതൽ എഎസ്ഇഎസ്ഒ സൗകര്യം ഉപയോഗിക്കാൻ അവസരമുണ്ട്. ഇ-കുബർ പോർട്ടൽ വഴി റിവേഴ്സ് റിപ്പോയിലും എംഎസ്എഫ് വിൻഡോകളിലും മാനുവൽ ബിഡ് നൽകുവാൻ നിലവിലുള്ള സൗകര്യങ്ങൾക്കു പുറമെയുള്ള ഈ സൗകര്യം വേണമെങ്കിലുപയോഗിക്കാനും, ഉപയോഗിക്കാതിരിക്കാനുമുള്ള സൗകര്യ ത്തോടുകൂടിയതാണ്.

4. വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ അനൂബന്ധത്തിൽ നൽകിയിട്ടുണ്ട്.

**(യോഗേഷ് ദയാൽ)**
ചീഫ് ജനറൽ മാനേജർ

പത്ര പ്രസ്താവന: 2020-2021/151

**അനുബന്ധം**

1. അർഹരായ എല്ലാ എൽഎഫ് / എംഎസ്എഫ് പങ്കാളികൾക്കും ഓട്ടോ സ്വീപ്പ്-ഇൻ, സ്വീപ്പ്- ഔട്ട് (എ എസ് ഐ എസ് ഒ) സൗകര്യം ലഭിക്കും. സ്റ്റാൻഡലോൺ പ്രൈമറി ഡീലർമാർക്ക് (എസ്പിഡികൾ), റിവേഴ്സ് റിപ്പോ ബിഡുകൾ മാത്രമേ സ്വമേധയാ ലഭിക്കുകയുള്ളൂ. ഈ സൗകര്യം അവർ തിരഞ്ഞെടുക്കുകയാണെങ്കിൽ മാത്രമേ സ്വയമേവ അവർക്ക് അത് ലഭിക്കൂ.

2. എ എസ് ഐ എസ് ഒ സൗകര്യം ലഭിക്കാൻ ആഗ്രഹിക്കുന്നവർ ഇ - കുബേർ പോർട്ടലിൽ ഇത് പ്രവർത്തനക്ഷമമാക്കണം

3. ദിവസാവസാനത്തോടെ ശ്രേണികൾ സജ്ജീകരിക്കുന്നതിനും പരിഷ്കരിക്കുന്നതിനുമുള്ള സൗകര്യം എല്ലാ ആർടിജിഎസ് പ്രവൃത്തി ദിവസങ്ങളിലും രാവിലെ 9 നും രാത്രി 11:30 നും ഇടയിൽ ലഭ്യമാണ്.

4. ഈ സൗകര്യം ഉപയോഗിക്കുന്നവർക്ക് എൽഎഫ്, എംഎസ്എഫ് പ്രവർത്തനങ്ങളുമായി ലിങ്കുചെയ്തിരിക്കുന്ന അവരുടെ നിലവിലെ അക്കൗണ്ടുകളിൽ മിനിമം ബാലൻസും, പരമാവധി ബാലൻസും (₹ കോടിയിൽ) സജ്ജമാക്കാൻ കഴിയും. അവർ ആഗ്രഹിക്കുന്നുവെങ്കിൽ അവർക്ക് ഈ തുക തന്നെ മിനിമം - പരമാവധി ബാലൻസായി സജ്ജീകരിക്കാനും കഴിയും.

5. ദിവസാവസാനത്തോടെ, എല്ലാ ഇടപാടുകളും പൂർത്തിയാക്കിയതിന് ശേഷം പങ്കെടുക്കുന്നവരുടെ കറന്റ് അക്കൗണ്ട് ബാലൻസുമായി സിസ്റ്റം മുകളിൽ പറഞ്ഞ പരിധികളെ താരതമ്യം ചെയ്യും (ഡേ-എൻഡ് സ്റ്റാൻഡിംഗ് നിർദ്ദേശങ്ങൾ ഉൾപ്പെടെ). അതനുസരിച്ച് താഴെ പറയുന്ന രീതിയിൽ എംഎസ്എഫ് അല്ലെങ്കിൽ റിവേഴ്സ് റിപ്പോ ബിഡ് സ്വാഭാവികമായി തനിയെ ചെയ്തു കൊള്ളും.

എ. ഒരു ബാങ്കിന്റെ കറന്റ് അക്കൗണ്ട് ബാലൻസ് നിശ്ചിത മിനിമം ബാലൻസിനേക്കാൾ കുറവാണെങ്കിൽ, കറന്റ് അക്കൗണ്ട് ബാലൻസും നിശ്ചിത മിനിമം ബാലൻസ് പരിധിയും തമ്മിലുള്ള വ്യത്യാസത്തിന് (ഒരു കോടി രൂപ വരെ) ഒരു എംഎസ്എഫ് ബിഡ് സിസ്റ്റം യാന്ത്രികമായി

പ്രവർത്തനക്ഷമമാക്കും. ഒരു ബാങ്കിന്റെ റിപ്പോ ഘടക അക്കൗണ്ടിലെ സെക്യൂരിറ്റികളുടെ എന്തെങ്കിലും കുറവുണ്ടെങ്കിൽ, ബാങ്കിന്റെ റിപ്പോ ഘടക അക്കൗണ്ടിൽ ലഭ്യമായ സെക്യൂരിറ്റികളുടെ ബാലൻസിനെ ആശ്രയിച്ച്, യാന്ത്രികമായി പ്രവർത്തനക്ഷമമാക്കിയ എംഎസ്എഫ് ബിഡ് കുറഞ്ഞ തുകയ്ക്ക് ആയിരിക്കും.

ബി. ഒരു പങ്കാളിയുടെ നിലവിലെ അക്കൗണ്ട് ബാലൻസ് നിശ്ചിത പരമാവധി ബാലൻസിനേക്കാൾ കൂടുതലാണെങ്കിൽ, നിശ്ചിത പരമാവധി ബാലൻസ് പരിധിയും നിലവിലെ അക്കൗണ്ട് ബാലൻസും തമ്മിലുള്ള വ്യത്യാസത്തിന് (ഒരു കോടി രൂപ വരെ) ഒരു റിവേഴ്സ് റിപ്പോ ബിഡ് സിസ്റ്റം യാന്ത്രികമായി ട്രിഗർ ചെയ്യും.

സി. കറന്റ് അക്കൗണ്ട് ബാലൻസ് മിനിമം - പരമാവധി ബാലൻസ് പരിധിയിൽ തുടരുകയാണെങ്കിൽ ബിഡ്ഡുകളൊന്നും ട്രിഗർ ചെയ്യില്ല.

6. എഎസ്ഐഎസ്ഒ സൗകര്യത്തിനായി ചില മാതൃകകൾ ചുവടെ നൽകിയിരിക്കുന്നു

(Amount in ₹ crores)

| മാതൃക | കുറഞ്ഞ ബാലൻസ് | പരമാവധി തുക | ദിനാവസാന തുക (ഓട്ടോ സ്വീപ്പിനുമുമ്പ്) | ഓട്ടോ സ്വീപ്പ് വഴിയിൽ | ദിനാവസാന ബാലൻസ് (ഓട്ടോ സ്വീപ്പിനുശേഷം) |
|---|---|---|---|---|---|
| I | 25,000 | 27,000 | 24,032.42 | ഓട്ടോ എംഎസ്എഫ് ബിഡ് (റിപ്പോ പാർട്ടിയുടെ അക്കൗണ്ടിൽ തുകയുള്ളപക്ഷം) ₹968 കോടിയുടേത് നടപ്പാവും (വ്യത്യാസം റൗണ്ട്ചെയ്തിരിക്കുന്നു) | 25,000.42 |
| II | 25,000 | 27,000 | 29,005.58 | ₹2,005 കോടിരൂപയുടെ ഓട്ടോ റിവേഴ്സ്ബിഡ് നടപ്പാവും (വ്യത്യാസം താഴയേക്ക് റൗണ്ട്ചെയ്തിരിക്കുന്നു) | 27,000.58 |
| III | 25,000 | 27,000 | 26,025.75 | ഒന്നും ചെയ്യുന്നില്ല | 26,025.75 |
| IV | 25,000 | 25,000 | 24,032.42 | ഓട്ടോ എംഎസ്എഫ് ബിഡ് (റിപ്പോ പാർട്ടിയുടെ അക്കൗണ്ടിൽ തുകയുള്ളപക്ഷം) ₹968 കോടിയുടേത് നടപ്പാവും (വ്യത്യാസം റൗണ്ട്ചെയ്തിരിക്കുന്നു) | 25,000.42 |
| V | 27,000 | 27,000 | 29,005.58 | ₹2,005 കോടിരൂപയുടെ ഓട്ടോ റിവേഴ്സ്ബിഡ് നടപ്പാവും (വ്യത്യാസം താഴയേക്ക് റൗണ്ട്ചെയ്തിരിക്കുന്നു) | 27,000.58 |

7. സജ്ജീകരിച്ചുകഴിഞ്ഞാൽ, പരിഷ്ക്കരിച്ചില്ലെങ്കിൽ ഈ പരിധികൾ പ്രാബല്യത്തിൽ തുടരും, ഇത് എല്ലാ ദിവസവും ബാധകമാകും

(ഞായർ, ആർടിജിഎസ് അവധിദിനങ്ങൾ ഉൾപ്പടെ). എൽഎഫ് പങ്കാളികൾക്കും അവർ അത് ഉപയോഗിക്കാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ,എല്ലാ ആർടിജിഎസ് പ്രവൃത്തി ദിവസത്തിലും രാത്രി 11.30 ന് മുമ്പായി ഇ-കുബർ പോർട്ടലിലെ എ എസ്ഐഎസ്ഒ സൗകര്യം പ്രവർത്തനരഹിതമാക്കാൻ കഴിയും.

8. യാന്ത്രികമായി പ്രവർത്തനക്ഷമമാക്കിയ റിവേഴ്സ് റിപ്പോ, എംഎസ്എഫ് ബിഡുകൾ ഉണ്ടെങ്കിൽ, ആ ദിവസത്തെ റിവേഴ്സ് റിപ്പോ, എംഎസ്എഫ് പ്രവർത്തനങ്ങളുടെ ഭാഗമാകും. എൽഎ എഫ്, എംഎസ്എഫ് പ്രവർത്തനങ്ങൾക്ക് ബാധകമായ മറ്റെല്ലാ നിബന്ധനകളും വ്യവസ്ഥകളും യാന്ത്രികമായി പ്രവർത്തനക്ഷമമാക്കിയ ബിഡ്ഡുകൾക്കും ബാധകമാണ്.

9. ഈ സൗകര്യം ഉപയോഗിക്കുന്ന മാർക്കറ്റ് പങ്കാളികൾ, ഇത് അവരുടെ ദൈനംദിന മുള്ള സിആർആർ സംവിധാനത്തെ ബാധിക്കുന്നതിനാൽ, കറൻറ് അക്കൗണ്ട് ബാലൻസ് അവസാനിക്കുന്നതിനുള്ള പരിധി നിയമാനുസൃതമായി അവർ സജ്ജമാക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ സൗകര്യം ഉപയോഗിച്ചതിനാൽ ആർക്കങ്കിലും ആവശ്യമുള്ള സിആർആർ പരിപാലിക്കുന്നതിൽ പരാജയമുണ്ടായാൽ റിസർവ് ബാങ്ക് ഉത്തരവാദിയാകുന്നതല്ല.

10. ഈ സൗകര്യത്തെക്കുറിച്ചുള്ള എല്ലാ ചോദ്യങ്ങളും / വിശദീകരണങ്ങളും ഇ-മെയിലോ ഫോണോ (022-22630982) വഴി ഫിനാൻഷ്യൽ മാർക്കറ്റ്സ് ഓപ്പറേഷൻസ് വകുപ്പിലേക്ക് തിരിച്ചു വിടും. എല്ലാ സാങ്കേതിക പ്രശ്നങ്ങളും ഇമെയിലോ (ekuberhelpdesk@rbi.org.in, കോപ്പി laffmd@rbi.org.in) ഫോൺ (022-27595662/67/022-27595591/92/93/94) മുഖാന്തിരമോ ഇ-കുബർ ഹെൽപ് ഡസ്കിലേയ്ക്ക് തിരിച്ചു വിടുന്നതായിരിക്കും.